# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2330 23.01.2014-ൽ മറുപടിക്ക്

ചോദ്യം

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**,, കെ. വി. വിജയദാസ്**
**ശ്രീമതി കെ. എസ്. സലീഖ**
**ശ്രീ. പുരുഷൻ കടലുണ്ടി**

ഉത്തരം

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### ബജറ്റും അധിക ചെലവും

| | | |
|---|---|---|
| (എ) | തന്നാണ്ടിലെ ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ അധിക ചെലവ് നേരിട്ട ബജറ്റ് ഇനങ്ങൾ ഏതൊക്കെയാണ്; | നടപ്പു സാമ്പത്തിക വർഷത്തെ ഇതേവരെയുള്ള ചെലവ് വിവിധ ഗ്രാന്റുകളിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ കവിഞ്ഞിട്ടില്ല. |
| (ബി) | ബജറ്റിൽ പറഞ്ഞത് വകവെക്കാതെ ചെലവ് നടത്തിയതിന്റെ ഫലമായി സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ തന്നെ എത്ര രൂപയുടെ കടം കൂടുതലായി എടുക്കേണ്ടിവന്നിട്ടുണ്ട്; വ്യക്തമാക്കാമോ; | സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ അമിതമായി കടമെടുക്കേണ്ടി വന്നിട്ടില്ല. 3000 കോടി രൂപ മാത്രമാണ് പൊതു വിപണിയിൽ നിന്ന് കടമെടുത്തിട്ടുള്ളത്. |
| (സി) | കേരളത്തിന് അനുവദിച്ച മൊത്തം വായ്പയുടെ എത്ര ശതമാനം ഇതിനകം എടുത്തു; പദ്ധതി പ്രവർത്തനങ്ങൾ എത്ര ശതമാനം അവശേഷിക്കുന്നു; കൂടുതൽ വായ്പ എടുക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടോ; ഈ നില തുടർന്നാൽ സാമ്പത്തിക വർഷാവസാനമാകുമ്പോൾ പരിധിയിൽ കൂടുതൽ എത്ര രൂപയുടെ കടമെടുക്കേണ്ടതായി വരുമെന്ന് കണക്കാക്കുന്നു; പദ്ധതി പ്രവർത്തനം അപ്പോൾ ഏതു സ്ഥിതിയിലാകും; വിശദമാക്കാമോ? | അനുവദനീയമായ വായ്പയുടെ 79.5% ഇതിനോടകം സംസ്ഥാനം കടമെടുത്തിട്ടുണ്ട്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നവംബർ മാസത്തെ അവലോകന റിപ്പോർട്ട് പ്രകാരം, സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 65 ശതമാനത്തോളം ഇനി ചെലവഴിക്കാനുണ്ട്. GSDP-യുടെ 3 ശതമാനം വായ്പാ പരിധിയായി നിജപ്പെടുത്തിയിരിക്കുന്നതിനാൽ അതിനുപരിയായി വായ്പ എടുക്കുന്നതിന് പരിമിതികളുണ്ട്. അനുവദനീയമായ വായ്പാ പരിധിക്കുള്ളിൽ നിന്നു കൊണ്ടുതന്നെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**